# ഏപ്രില്‍ ഫൂളിന്റെ വിധി

# ﴿ كذبة إبريل ﴾

[മലയാളം-Malayalam- مليالم]


*ശൈഖ് മുഹമ്മദ് സ്വാലിഹ് അല്‍ മുനജ്ജിദ്*

الشيخ محمد صالح المنجد

വിവ: മുഹമ്മദ് കബീര്‍ സലഫി

مترجم: محمد كبير السلفي



കോപറേറ്റീവ് ഓഫീസ് ഫോര്‍ കാള്‍ & ഗൈഡന്‍സ്

റബ്‌വ – റിയാദ് – സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1430 – 2009

بسم الله الرحمن الرحيم

അല്ലാഹുവിന് സർവ്വ സ്തുതിയും. അവനെ നാം വാഴ്ത്തുന്നു. അവനോട് നാം സഹായം തേടുകയും മാപ്പിരക്കുകയും ചെയ്യുന്നു. നമ്മിൽ നിന്നു തന്നെയുണ്ടാകുന്ന ഉപദ്രവങ്ങളിൽ നിന്നും, കർമ്മങ്ങളിലെ തിന്മകളിൽ നിന്നും നാമവനോട് ശരണം തേടുകയാണ്. അവൻ ഹിദായത്തിലാക്കിയവനെ ദുർമാർഗ്ഗത്തിലാക്കാൻ ആർക്കുമാകില്ല. അവൻ വഴികേടിലാക്കിയവനെ സന്മാർഗ്ഗത്തിലേക്ക് കൊണ്ടുവരാനും ആർക്കും സാധ്യമല്ല. അല്ലാഹു വിന്റെ ശാന്തിയും സമാധാനും മുഹമ്മദ് നബിﷺയിലും കുടുംബത്തിലും സ്വഹാബികളിലും ഉണ്ടാകട്ടെ.

കള്ളം പറയൽ ദുഷിച്ച സ്വഭാവമാണ്. അതിന്റെ അപകടത്തെക്കുറിച്ച് ഇസ്ലാം താക്കീതു നൽകിയിട്ടുണ്ട്. മനുഷ്യന്റെ പ്രകൃതി തന്നെ കള്ളം പറയുന്നതിനെ അംഗീകരിക്കുന്നില്ല. മാന്യതയും വിവേകവുമുള്ള ആർക്കും ഈ ദുസ്വഭാവത്തെ ഉൾക്കൊള്ളാൻ സാധ്യവുമല്ല.

കളവിന്റെ ദൂഷ്യത്തെക്കുറിച്ച് വ്യക്തമാക്കുന്ന ഗൗരവമേറിയ നിർദ്ദേശങ്ങൾ നമ്മുടെ ഈ ഋജുമതത്തിൽ, അതിന്റെ പ്രമാണങ്ങളായ ക്വുർആനിലും സുന്നത്തിലും വന്നിട്ടുണ്ട്. കള്ളം പറയൽ നിഷിദ്ധമാണ്; മുസ്ലിം ഉമ്മത്തിന്റെ ഖണ്ഡിതമായ അഭിപ്രായമാണിത്. കള്ളം പറയുന്നവന്ന് ഈ ദുനിയാവിലും നാളെ പരലോകത്തിലും ലഭിക്കുന്ന ശിക്ഷ നിന്ദ്യമായതു തന്നെയായിരിക്കും.

ഇസ്ലാം കള്ളം പറയുന്നതിന് അനുവാദം നൽകുന്ന അല്പം ചില സംഗതികളുണ്ട്. അനർഹമായി അവകാശങ്ങൾ ആഹരിക്കാനൊ, അന്യായമായി രക്തമൊഴുക്കാ

നൊ, അപരന്റെ അഭിമാനത്തെ അപകീർത്തിപ്പെടുത്താനൊ ഉള്ള അനുവാദമല്ല അത്. മറിച്ച് ഒരു നിരപരാധിയെ രക്ഷിക്കാൻ, രണ്ടു വ്യക്തികൾക്കിടയിലെ പ്രശ്നങ്ങളെ രമ്യമായി പറഞ്ഞു തീർക്കാൻ, തെറ്റിനിൽക്കുന്ന ഭാര്യാഭർത്താക്കൾക്കിടയിൽ സ്നേഹബന്ധം പുനഃസ്ഥാപിക്കാൻ തുടങ്ങിയ സൽകാര്യങ്ങൾക്കു വേണ്ടിയാണ്.

അതേ സമയം, ഏതെങ്കിലുമൊരു പ്രത്യേക ദിവസമോ, പ്രത്യേക സമയമോ ആർക്കും തോന്നിയതുപോലെ കള്ളം പറയാമെന്നറിയിക്കുന്ന ഒരു അനുവാദവും ഇസ്ലാമിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. സമൂഹത്തിൽ ഇന്ന് സാർവ്വത്രികമായിത്തീർന്ന ഒരു സമ്പ്രദായമുണ്ട്. ഓരോ വർഷവും ഏപ്രിൽ മാസം പിറന്നാൽ ആളുകൾ ആവേശം കാട്ടുന്ന ഒരു സമ്പ്രദായം. അതാണ് ഏപ്രിൽ ഫൂൾ! ഏപ്രിൽ മാസത്തിലെ ഒന്നാം നിയതി ആർക്കും ആരോടും നുണ പറയാം എന്നതാണ് ഈ സമ്പ്രദായവുമായി ബന്ധപ്പെടുന്നവരുടെ ന്യായം. അതിന് യാതൊരു ധാർമ്മികവശവും പരിഗണിക്കേണ്ടതില്ലത്രെ!

എന്നാൽ പരസ്പരം നുണ പറയുന്നതിനെ പരിശുദ്ധ ഇസ്ലാം വളരെ ഗൗരവമായാണ് കാണുന്നത്.

**കള്ളം നിഷിദ്ധമാണെന്നതിനുള്ള രേഖകൾ**

ഒന്ന്: പടച്ച തമ്പുരാൻ പറഞ്ഞു:

إِنَّمَا يَفْتَرِي الْكَذِبَ الَّذِينَ لاَ يُؤْمِنُونَ بِآيَاتِ اللّهِ وَأُوْلـئِكَ هُمُ الْكَاذِبُونَ (النحل: (105

''അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവർ തന്നെയാണ് കള്ളം കെട്ടിച്ചമയ്ക്കുന്നത്. അവർ തന്നെയാണ് വ്യാജവാദികൾ.'' (നഹ്ൽ: 105)

ഈ വിശുദ്ധവാക്യത്തെ വിശദീകരിച്ചു കൊണ്ട് ഇമാം ഇബനു കഥീർ(റ) എഴുതി: ''അല്ലാഹുവിന്റെ റസൂൽﷺ കള്ളം കെട്ടിച്ചമക്കുന്നവനോ വ്യാജവാദിയോ അല്ലെന്നാണ് ഈ വചനം വിശദീകരിക്കുന്നത്. എന്തുകൊണ്ടെന്നാ

ൽ, ദൈവിക ദൃഷ്ടാന്തങ്ങളിൽ വിശ്വാസമില്ലാത്ത, കളവിന് പ്രസിദ്ധരായ സത്യനിഷേധികളും മതനിഷേധികളുമായ ആളുകൾക്കു മാത്രമേ അല്ലാഹുവിന്റേയും റസൂലിന്റേയും പേരിൽ കളവു കെട്ടിയുണ്ടാക്കുവാൻ ധൈര്യം കാണൂ. പ്രവാചകൻ മുഹമ്മദ്ﷺ ജനങ്ങളിൽ ആരേക്കാളും സത്യസന്ധനും പുണ്യാത്മാവുമാണ്. അറിവിലും പ്രവൃത്തിയിലും വിശ്വാസത്തിലും ഹൃദയദാർഢ്യതയിലും ആരേക്കാളും അദ്ദേഹം സമ്പൂർണ്ണനുമാണ്. തന്റെ ജനതയിൽ വിശ്വസ്തനായി അംഗീകരിക്കപ്പെട്ട അദ്ദേഹത്തെ അക്കാര്യത്തിൽ ഒരാളും തന്നെ സന്ദേഹിച്ചിരുന്നില്ല. വിശ്വസ്തനായ മുഹമ്മദ് എന്നാണ് അവരദ്ദേഹത്തെ വിളിച്ചിരുന്നത്.'' (തഫ്സീർ ഇബ്നു കഥീർ, 2/558)

രണ്ട്: നബി ﷺ പറഞ്ഞു:

وعن أبي هريرة عن النبي ﷺ قال : "آية المنافق ثلاث إذا حدث كذب وإذا وعد أخلف وإذا اؤتمن خان" (رواه البخاري:33، ومسلم: 59 ).

അബൂ ഹുറയ്റ‎ ﷺ നിവേദനം. നബിﷺ പറഞ്ഞു: ''ഒരു കപട വിശ്വാസിയുടെ അടയാളം മൂന്നെണ്ണമാണ്. അവൻ സംസാരിച്ചാൽ കള്ളം പറയും. വാഗ്ദത്തം ചെയ്താൽ ലംഘിക്കും, വിശ്വസിച്ചാൽ വഞ്ചിക്കും.'' (ബുഖാരി: 33, മുസ്ലിം: 59)

**തമാശക്കുവേണ്ടി കള്ളം പറയൽ**

തമാശക്കുവേണ്ടി ജനങ്ങൾക്കിടയിൽ കള്ളം പറയുക എന്ന സ്വഭാവം മോശമാണ്. ആളുകളെ രസിപ്പിക്കാൻ വേണ്ടിയുള്ളതാണെങ്കിൽ കള്ളം അനുവദനീയമാണെന്നാണ് ചിലരുടെ ധാരണ. ആ ന്യായത്തിന്മേലാണ്, ഏപ്രിൽ ഒന്നാം തിയ്യതിയാകട്ടെ മറ്റു സന്ദർഭങ്ങളിലാകട്ടെ, കള്ളം പറയുന്നതിൽ അപാകതയില്ലെന്ന് അത്തരക്കാർ വിശ്വസിച്ചു പോരുന്നത്. സത്യത്തിൽ തെറ്റായ ധാരണയാണത്. വിശുദ്ധ ഇസ്ലാമിൽ ഈ ധാരണക്ക് യാതൊരു സ്വീകാര്യതയുമില്ല. തമാശക്കാകട്ടെ, മറ്റു താത്പര്യങ്ങൾക്കാകട്ടെ കള്ളം പറയുന്നത് നിഷിദ്ധം തന്നെയാണ്.

عن ابن عمر قال: قال ﷺ "إني لأمزح ولا أقول إلا حقّا" [رواه الطبراني في المعجم الكبير:12/ 391، وصححه الشيخ الألباني رحمه الله في صحيح الجامع: (2494)].

ഇബ്നു ഉമർ؄ നിവേദനം. നബി ﷺ പറഞ്ഞു: ''ഞാൻ തമാശ പറയാറുണ്ട്, പക്ഷെ സത്യസന്ധമായതേ പറയൂ.'' (ത്വബ്റാനി മുഅ്ജമുൽ കബിറിൽ ഉദ്ധരിച്ചത്-12/391, ശൈഖ് അൽബാനി സ്വഹീഹുൽ ജാമഇൽ സ്വഹീഹാക്കിയത്-2494)

وعن أبي هريرة ؓ قال: قالوا يا رسول الله إنك تداعبنا، قال: "إني لا أقول إلا حقاً" [رواه الترمذي:1990].

അബൂ ഹുറയ്റ؄ നിവേദനം. സ്വഹാബികൾ നബിﷺ യോട് ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, താങ്കൾ ഞങ്ങളോട് തമാശ പറയുന്നുവല്ലോ? നബിﷺ പറഞ്ഞു: ''അതെ, പക്ഷെ ഞാൻ സത്യമായതല്ലാതെ പറയില്ല.'' (തിർമിദി: 1990)

## ഏപ്രിൽ ഫൂൾ

ഏത് കേന്ദ്രത്തിൽ നിന്നാണ് ഏപ്രിൽ ഫൂളിന്റെ ഉത്ഭവം എന്ന് ഖണ്ഡിതമായി പറയാൻ മതിയായ രേഖകളില്ല. ഇതിനെ സംബന്ധിച്ച് വിവിധ അഭിപ്രായങ്ങൾ നില നിൽക്കുന്നുണ്ട്. രാവും പകലും 12 മണിക്കൂർ വീതം സമമായിരിക്കുന്ന ദിവസമാണ് മാർച്ച് 21. അന്നേ ദിവസം നടത്തപ്പെട്ടിരുന്ന വസന്തകാലാഘോഷങ്ങളുമായി ബന്ധപ്പെട്ടാണ് ഈ സമ്പ്രദായം രൂപപ്പെട്ടത് എന്നാണ് ചിലരുടെ അഭിപ്രായം.

ഈ ആഘോഷത്തിന് വളരെക്കാലത്തെ പഴക്കമുണ്ടെന്നാണ് ചിലരുടെ മതം. വസന്തകാലത്തിന്റെ പ്രാരംഭത്തിൽ നടക്കാറുള്ള ബിംബാരാധനയിലധിഷ്ഠിതമായ ആഘോഷങ്ങളുമായി ഇതിന് ബന്ധമുണ്ടത്രെ.

**സുപ്രധാനമായ മറ്റൊരു വാദം**

ഏപ്രിൽ ഫൂളിന്റെ ഉത്ഭവത്തെപ്പറ്റി പരിശോധിച്ച ചിലർക്ക് വിശദമായ മറ്റൊരു കാര്യമാണ് പറയാനുള്ളത്. അത് ഏറെക്കുറെ ഇങ്ങനെ വായിക്കാം.

''ഏപ്രിൽ ഫൂൾ എന്നറിയപ്പെടുന്ന ഈ ഏപ്രിൽമാസ നുണയിൽ നമ്മിൽ പലരും പങ്കുകൊള്ളാറുണ്ട്. എന്നാൽ ഈ സമ്പ്രദായത്തിന്റെ പിന്നിലൊളിഞ്ഞിരിക്കുന്ന കയ്പ്പുറ്റ യാഥാർത്ഥ്യത്തെപ്പറ്റി എത്രപേർക്കറിയാം? ''

''ഏകദേശം ആയിരം വർഷങ്ങൾക്കു മുമ്പ് സ്പെയിൻ ഭരിച്ചത് മുസ്‌ലിംകളായിരുന്നു. അന്നത്തെ തകർക്കപ്പെടാനാകാത്ത ശക്തിയായിരുന്നു അവർ. എന്നാൽ, ലോകത്തു നിന്നു തന്നെ ഇസ്‌ലാമിനെ തുടച്ചു നീക്കാൻ അധ്വാനിച്ചു കൊണ്ടിരുന്ന പാശ്ചാത്യൻ ക്രിസ്ത്യാനികൾ പല കുതന്ത്രങ്ങളും അതിനെതിരിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയായിരുന്നു. കുറച്ചൊക്കെ അവരതിൽ വിജയിക്കുകയും ചെയ്തു. എന്നാൽ സ്പെയിനിൽ ഇസ്‌ലാമിന്റെ വളർച്ചക്ക് തടയിടാനും, അവിടത്തെ മണ്ണിൽ വെച്ചു തന്നെ അതിന്റെ കഥകഴിക്കുവാനുമുള്ള അവരുടെ നിരന്തര ശ്രമങ്ങൾ ആത്യന്തികമായി ഫലം കാണാതെ തകർന്നടിയുകയാണുണ്ടായത്. ''

''അങ്ങനെയാണ് മുസ്‌ലിംകളുടെ വിജയത്തിന് നിദാനമായി നിലകൊള്ളുന്ന അടിസ്ഥാന കാരണത്തിന്റെ രഹസ്യമറിയാൻ സ്പെയിനിൽ അവർ ചാരന്മാരെ നിയോഗിച്ചത്. അവർ അവസാനം ആ രഹസ്യം കണ്ടെത്തി. മുസ്‌ലിംകൾ സദാ കാത്തുസൂക്ഷിക്കുന്ന കണിശമായ ദൈവബോധവും ധാർമ്മികനിലവാരവുമാണ് അവരെയെന്നും വിജയികളായി നിലനിർത്തുന്നതിലെ മുഖ്യ ഹേതു എന്നവർ തിരിച്ചറിഞ്ഞു.''

''മുസ്‌ലിംകളുടെ ശക്തിസ്രോതസ്സിന്റെ രഹസ്യമറിഞ്ഞ കൃസ്ത്യാനികൾ, അതിനെ തകർക്കാൻപോന്ന മാർഗ്ഗങ്ങളെപ്പറ്റി തലപുകഞ്ഞാലോചിച്ചു. അങ്ങനെയാണ് പുതിയൊരു സ്ട്രാറ്റജിക്ക് അവർ രൂപം കൊടുത്തത്. അഥവാ സ്പെയിനിന്റെ മണ്ണിൽ മദ്യവും പുകവലി

സാമഗ്രികളും സൗജന്യമായി ലഭിക്കാൻ അവർ അവസര ങ്ങളുണ്ടാക്കി. അത്തരം സാധനങ്ങൾ അവിടേക്കവർ സമൃദ്ധമായി കയറ്റി അയച്ചു.''

''ഈ പാശ്ചാത്യൻ തന്ത്രം ഫലം കാണാൻ തുടങ്ങി. മുസ്ലിംകളിൽ വിശിഷ്യാ യുവാക്കളിൽ മദ്യത്തിന്റേയും സിഗരറ്റിന്റേയും സ്വാധീനം വ്യാപകമായി. അതു കൊണ്ടു തന്നെ, അവരുടെ ഹൃദയത്തിലെ ഈമാനിന്റെ ശക്തി ക്രമേണക്രമേണ ക്ഷയിച്ചുവരാൻ തുടങ്ങി. ഈ സാഹ ചര്യം കാതോലിക്കൻ കൃസ്ത്യാനികൾ മുതലെടുത്തു. സ്പെയിൻ മുഴുവനും അവർ അവരുടെ വരുതിയിലൊ തുക്കി. നീണ്ട എട്ടു നൂറ്റാണ്ടിലധികം സ്പെയിൻ ഭരിച്ചു കൊണ്ടിരുന്ന മുസ്ലിംകളുടെ പ്രതാപം അതോടെ മങ്ങി ത്തുടങ്ങി. ക്രമേണ, മുസ്ലിംകളുടെ ഭരണ പ്രദേശ മായിരുന്ന ഗർനാത്വ അവർക്കു നഷ്ടപ്പെട്ടു. ഒരു ഏപ്രിൽ ഒന്നിനായിരുന്നു പ്രസ്തുത സംഭവമുണ്ടായത്. അുസ്ലിം കൾക്കെതിരിൽ വിജയം കണ്ട ചതിയുടെ പ്രതീകമായി പാശ്ചത്യ ക്രിസ്ത്യൻ ലോബി ഏപ്രിൽ ഒന്നാം തിയ്യതിയെ അന്നുമുതൽ പരിഗണിച്ചു വന്നു. പിന്നീട് വർഷം തോറും ഏപ്രിൽ ഫൂൾ എന്ന പേരിൽ അത് തുടർന്നു വരികയാണുണ്ടായത്.''

**അന്നുമുതൽ ഇന്നുവരെ.**

''പ്രസ്തുത സംഭവത്തിനുശേഷം ഇന്നും തുടർന്നു പോരുന്ന ഈ ദുഷിച്ച സമ്പ്രദായം കൊണ്ട് പ്രതിയോ ഗികൾ ലക്ഷ്യമിടുന്നത്, **മുസ്ലിം സമൂഹം മൂഢന്മാരാണ് എന്ന ധാരണ സജീവമായി നിലനിർത്തുക എന്നതാണ്.** ഇസ്ലാമിന്റെ ശത്രുക്കൾ ഗർനാത്വയിലെ മുസ്ലിംകളിൽ മാത്രം നടപ്പിലാക്കിയ ഈ കുതന്ത്രം ഇനിയും അവസാനി പ്പിച്ചിട്ടില്ല. ലോകത്തെ മുഴുവൻ മുസ്ലിമുകളിലും ഈ ചതി അവർ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഏപ്രിൽ ഫൂൾ പോലുള്ള പരിപാടികളിൽ നമ്മളും പങ്കു കൊള്ളുക എന്നാൽ നമ്മുടെ വിവരക്കേടിന്റെ ആഴ ത്തെയാണ് അത് വ്യക്തമാക്കുന്നത്. ഈ തമാശക്കളിയിൽ അവരോടൊപ്പം ചേർന്ന് ഇടംവലം നോക്കാതെ സഹകരി ക്കുന്നത് ഒരുതരം അന്ധമായ അനുകരണമാണ്. അവരെ

അനുകരിക്കുകവഴി നമ്മിൽ ചിലരുടെ ബുദ്ധിശൂന്യത പൊതുജന സമക്ഷം സ്ഥിരപ്പെടുകയാണ് ചെയ്യുന്നത്! ഈ ആഘോഷത്തിന്റെ പിന്നിലെ നിജസ്ഥിതി മനസ്സിലാക്കിയിരുന്നുവെങ്കിൽ അതിൽ പങ്കുകൊള്ളാൻ നമ്മുടെ അഭിമാനം ഒരിക്കലും സമ്മതിക്കില്ലായിരുന്നു.''

''ഇപ്പോൾ ഏപ്രിൽ ഫൂളാഘോഷത്തിന്റെ സത്യാവസ്ഥ നമുക്ക് ബോധ്യപ്പെട്ടു കഴിഞ്ഞു. ഇനി വേണ്ടത് നമ്മുടെ ഭാഗത്തു നിന്നുള്ള ഒരു പ്രഖ്യാപനമാണ്. 'ഇല്ല, ഇനി ഞങ്ങൾ ഈ സമ്പ്രദായവുമായി ഒരിക്കലും ബന്ധപ്പെടില്ല' എന്ന ദൃഢപ്രതിജ്ഞ. സ്പെയിനിൽ നിന്നും നാം പാഠമുൾക്കൊള്ളണം. പൂർണ്ണമായും ഇസ്‌ലാമിനു വേണ്ടി നിലകൊള്ളുന്നവരാകണം നാം. നമ്മുടെ ഈമാനിനു ക്ഷയം സംഭവിക്കാൻ ഒരിക്കലും നാമനുവദിച്ചുകൂടാ.''

ഇതാണ്, ഏപ്രിൽ ഫൂളിന്റെ ചരിത്രം പറയുന്നവരിൽ ഒരു വിഭാഗത്തിന്റെ അഭിപ്രായവും അവരിൽ നിന്നുള്ള ഉപദേശവും.

എന്നാൽ, ഈ നുണയാഘോഷത്തിന്റെ ഉൽപത്തിക്കു എന്തോ ആകട്ടെ, നമുക്കു പറയാനുള്ളത്, ഇത് പ്രശോഭനമായ ആദ്യകാല ഇസ്‌ലാമിക കാലഘട്ടത്തിൽ നിലനിന്നിരുന്നതോ, മുസ്‌ലീംകളാൽ രൂപം കൊണ്ടതോ അല്ല എന്നാണ്. മറിച്ച്, ഇസ്‌ലാമിന്റെ ശത്രുക്കളാൽ ആരംഭിക്കപ്പെട്ടതത്രെ ഇത്.

ഏപ്രിൽ ഫൂളിന്റെ പേരിൽ എന്തെല്ലാമാണ് നടന്നുകൊണ്ടിരിക്കുന്നത്! ചിലർ ചിലരുടെ മക്കളോ, ഭാര്യയൊ, സ്നേഹിതരോ മരിച്ചുവെന്നായിരിക്കും ബന്ധപ്പെട്ടവരെ വിളിച്ചറിയിക്കുക. ആകസ്മികമായ ഇത്തരം വാർത്തകൾ കേട്ടിട്ട് ഹൃദയാഘാതം വന്ന് മരണപ്പെട്ടവരുടെ കഥകൾ പോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ചിലർ തന്റെ സുഹൃത്തിനോട് പറയുന്നത്, നിന്നെ ജോലിയിൽ നിന്നും പിരിച്ചു വിട്ടിരിക്കുന്നുവെന്നായിരിക്കും അല്ലെങ്കിൽ അവന്റെ കുടുംബം അഗ്നിബാധയിലകപ്പെട്ടുവെന്നോ, അവർക്ക് വലിയൊരപകടം സംഭവിച്ചുവെന്നൊ മറ്റോ ആയിരിക്കും. പ്രസ്തുത നുണത്തമാശകൾ എത്രപേരുടെ

ജീവിതത്തിൽ ദുരിതവും രോഗവും വരുത്തിവെച്ചിട്ടുണ്ടെന്നൊ?! ചിലരുടെ നുണകൾ സകല പരിധിയും വിടാറുണ്ട്. 'നിന്റെ ഭാര്യയെ വേറൊരാളോ ടൊപ്പം ഇതാ, ഞാൻ ഇപ്പോൾ  കണ്ടല്ലൊ' എന്ന് അവർ തങ്ങളുടെ സുഹൃത്തിനോട് പറയും. അതു മുഖേനയു ണ്ടാകുന്ന ഭവിഷ്യത്തിനെപ്പറ്റി ഒന്നാലോചിച്ചു നോക്കൂ. ഒരു പക്ഷെ അവളുമായുള്ള വിവാഹമോചനത്തിലേക്കോ, അവളുടെ വധത്തിലേക്കു തന്നെയോ വഴിവെക്കില്ലെ അത്?!.

ഇത്തരം കഥകളും സംഭവങ്ങളും ഇപ്പോഴും തുടരുകയാണ്. മതമോ, മനുഷ്യത്വമോ, മനുഷ്യന്റെ വിവേകമോ അംഗീകരിക്കാത്ത നുണയിൽ നിന്നാണ് ഈവക അപകടങ്ങൾ മുഴുവനും ഉണ്ടായിത്തീരുന്നത്. ആകയാൽ, നാമിത് വെടിഞ്ഞേപറ്റൂ. അല്ലാഹു അനുഗ്രഹിക്കട്ടെ. ആമീൻ.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين